(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള SpeMT, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

റേഷൻകടക്കാരുടെ കമ്മീഷൻ

15(*255) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടക്കാരുടെ കമ്മീഷനിൽ വരുത്തിയ വർദ്ധന, പൊതുവിതരണ സംവിധാനത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റം ഉണ്ടാക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർദ്ധനവുമൂലം സർക്കാരിനുണ്ടാവുന്ന അധിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടെങ്കിൽ അത് എത്രയെന്നു വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റേഷൻ ചില്ലറ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കമ്മീഷൻ വർദ്ധനവ് പൊതുവിതരണ സംവിധാനത്തിന്റെ ശക്തവും സുതാര്യവുമായ നടത്തിപ്പിന് സഹായകരമാവുമെന്നും കാർഡുടമകൾക്ക് റേഷൻ വ്യാപാരികളിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly